(ബി&സി) സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കണ്ണൂർ, തിരുവനന്തപുരം എന്നീ സെൻട്രൽ ജയിലുകളിൽ സിസി.ടി.വി., സർവെയ്‌ലൻസ് സംവിധാനം സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സംവിധാനം സ്ഥാപിച്ചുകഴിഞ്ഞു.

(ഇ) കൂടുതൽ വാർഡർമാർക്ക് ഒരേ സമയം പരിശീലനം നൽകുന്നതിനായി വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളോടനുബന്ധിച്ച് സിക്കയുടെ റീജിയണൽ ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. അതിന്റെ ഫലമായി ഒരേ സമയം 180 വാർഡർമാർക്ക് പരിശീലനം നൽകുന്നതിന് സാധിക്കുന്നതാണ്.

വടകര ജയിലിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

85(291) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര ജയിലിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ ;

(ബി) വടകര ജയിലിൽ സ്ഥലപരിമിതിമൂലം പ്രയാസങ്ങൾ അനുഭവിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര ജയിൽ വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഉണ്ട്. കെട്ടിട വിസ്തൃതി വർദ്ധിപ്പിക്കുവാൻ തക്കവിധം പുതിയ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ജയിലുകളിലെ സംഘട്ടനങ്ങൾ

86(292) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് ജയിലുകളിൽ ജയിൽപുള്ളികൾ തമ്മിലോ ജയിൽ പുള്ളികളും ജയിലധികാരികളും തമ്മിലോ സംഘട്ടനങ്ങൾ ഉണ്ടായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 54.

LIBRARY ARCHIVES Kerala Legislative Assembly